# എന്റെ ഭാഷ

*മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം്-*
*ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം്,*
*അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ*
*സമ്മേളിച്ചിടുന്നതൊന്നാമതായ്?*
*മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ*
*മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ.*
*മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ*
*പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ;*
*അമ്മ താൻ തന്നേ പകർന്നു തരുന്പൊഴേ*
*നമ്മൾക്കമൃതുമമൃതായ് തോന്നൂ!*
*ഏതോരു വേദവുമേതോരു ശാസ്ത്രവു-*
*മേതോരു കാവ്യവുമേതോരാൾക്കും്*
*ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ*
*വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം്*

*-വള്ളത്തോൾ നാരായണ മെനൊൻ*